# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

08.02.2016-ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ - 245

## ലൈംഗീകാതിക്രമങ്ങൾ

**ചോദ്യം**

ഡോ.കെ.ടി.ജലീൽ
ശ്രീമതി.കെ.എസ്.സലീഖ
ശ്രീമതി.പി.അയിഷാ പോറ്റി
ശ്രീ.എ.എം.ആരിഫ്

**മറുപടി**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് പ്രതിദിനം ഒരു പെൺകുട്ടിയെങ്കിലും ലൈംഗികാതിക്രമത്തിന് വിധേയായിക്കൊണ്ടിരിക്കുന്ന പൊതുസ്ഥിതിവിശേഷം ഗൗരവമായി പരിഗണിക്കുമോ;

(എ) സംസ്ഥാനത്ത് പ്രതിദിനം ഒരു പെൺകുട്ടി ലൈംഗികാതിക്രമത്തിന് വിധേയമാകുന്ന എന്ന പൊതുസ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് ലൈംഗികാതിക്രമങ്ങൾക്ക് വിധേയമായതായി പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമം തടയുന്നതിന്റെ ഭാഗമായി ജനമൈത്രീ പോലീസ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സന്നദ്ധ സംഘടനകൾ, മാധ്യമങ്ങൾ എന്നിവ മുഖേന അവബോധം നൽകി വരുന്നുണ്ട്.

(ബി) സ്ത്രീകൾ അരക്ഷിതാവസ്ഥയിലായിരിക്കുന്ന സ്ഥിതിയിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വെളിപ്പെടുത്താമോ; വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷിക്കാനുള്ള നിയമനിർമ്മാണം നടത്തുവാനുദ്ദേശിക്കുന്നുണ്ടോ;

(ബി) സ്ത്രീകൾ അരക്ഷിതാവസ്ഥയിലായിരിക്കുന്ന ഒരു അവസ്ഥ കേരളത്തിൽ സംജാതമായിട്ടില്ല. സുരക്ഷിതവും, സമാധാന പൂർണ്ണവുമായ ജീവിത അന്തരീക്ഷം കെട്ടിപ്പടുക്കുവാൻ സംസ്ഥാന പോലീസ് സേനയ്ക്ക് ക്രമസമാധാനപാലനത്തിന്റെ ഭാഗമായി സാധിച്ചിട്ടുണ്ട്. വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷിക്കാനുള്ള നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉണ്ടായ സ്ത്രീപീഡന കേസുകളുടെ വിശദാംശം വെളിപ്പെടുത്താമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉണ്ടായ സ്ത്രീ പീഡന കേസുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | *Total Number of Cases Regd.* |
|---|---|
| *Rape with Murder* | *14* |
| *Rape* | *5615* |
| *Molestation* | *18917* |
| *Eve-teasing* | *1732* |
| *Kidnapping & Abduction* | *871* |
| *304(B)* | *96* |
| *498(A)* | *22172* |
| *Others* | *12103* |

| | | | |
|---|---|---|---|
| (ഡി) | ലൈംഗികാതിക്രമ കേസുകളിൽ പ്രതികൾക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ? | (ഡി) | ലൈംഗിക അതിക്രമകേസുകളിലെ പ്രതികൾക്കെതിരെ നിലവിലെ നിയമവ്യവസ്ഥകൾ പ്രകാരം കർശന നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ